# പള്ളികഥകൾ

## മിനികഥകൾ തൊണ്ണൂറ്റി രണ്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചന് പറയാനുണ്ട് കഥകളനവധി, ഇല്ല എനിക്ക് സമയമൊട്ടും കൂടെ പണിയാൻ. പോരാ ദിവസത്തിൻ മണിക്കൂർ ഇരുപത്തിനാലും, തികയുകില്ലൊരിക്കലും സമയം ഒന്നിനും കിട്ടുന്ന അല്പ സമയങ്ങൾക്കുള്ളിൽ തീർക്കേണം പണികളെല്ലാം കൂട്ടത്തിലും ഇതും. ഉണ്ടെനിക്കറിയാം ആളുകൾ നിരവധി വായിക്കാനായി ഈ കഥകൾ മുഴുവൻ.

# കരോൾ

“ഇല്ല, വരില്ല, അവർ ഇനിയും ഞാൻ നോക്കി നിൽക്കുന്നത് വെറും അബദ്ധം മാത്രമാണ്. പറഞ്ഞല്ലോ, അവർ വരില്ലന്ന്, പിന്നെന്തിന് നോക്കി നിൽക്കണം അവർക്കായി.”

ദീനാമ്മ, ശോകമൂകയായി. പറഞ്ഞറിയിക്കാൻ, മനസ്സിന്റെ വേദന, മറ്റൊരാളോടായി. ഇല്ലവൾക്കിന്ന് ഒന്നും സ്വന്തമായി. കൂടെ കിടന്നവൻ വേറിട്ടായി, വേറൊരാളോടായി. അവലംബിയായി, രോഗത്തിന് അടിമയായി. തീർന്ന് പണം ഉണ്ടാക്കിയതെല്ലാം. കൂടെ കരയാനും, ചിരിക്കാനും കൂട്ടിനില്ല സ്വന്തമായി പെറ്റിട്ട ഒരു കുഞ്ഞു പോലും. എന്തിന് വൃഥാവിനായി ഈ ജന്മം സ്വന്തമായി ലഭിച്ചതെന്നോർത്തവൾ സ്വയം ലജ്ജിത ആയി. കുറ്റം തന്റേതെന്നവൾക്കു നന്നായറിയാം, ഗർഭം ധരിച്ചു പല പ്രാവശ്യം; ഫലം ശൂന്യം. കുറ്റം പറയാനൊരിക്കലും സാദ്ധ്യമല്ല ദൈവത്തെ. കിട്ടീ വിദ്യാസം മറ്റുള്ളവരെക്കാൾ ഏറെ. കണ്ണാടിക്കു മുന്നിൽ നിന്ന് വിരൽ ചൂണ്ടി കുറ്റം പറഞ്ഞു നിരവധി തവണ. പ്രതിഫലനം ചൂണ്ടി വിരൽ എന്റെ നേർക്ക് തന്നെ. സമ്മതിച്ചു, ആശ്വസിച്ചു സ്വയം. ശാപം, താപം, സ്വയമെന്ന മനസ്സിലാക്കി. എന്തു ചെയ്യാം! ഒരു ജന്മം ഇങ്ങിനെ ആയി. വയ്യാഞ്ഞിട്ടല്ല, തിരുത്താൻ; പക്ഷേ, എവിടെ നിന്നെന്നു മാത്രം.

ഒരു ജീവിതത്തിന്റെ ഏറെ ഭാഗങ്ങളും അഭിനയിച്ചു കഴിഞ്ഞപ്പോഴാണ്, തിരുത്തലുകൾ വേണമെന്ന് ഉൾബോധമുണ്ടായത്. കഴിഞ്ഞു അപ്പോഴേക്കും, കൊഴിഞ്ഞു ഇലകൾ പലതും. ഉറ്റവരെന്ന കരുതിയിരുന്നവർ മാറി പോയി ചാരത്തല്ലാതെ. സുഖവും സന്തോഷവും ഉണ്ടായിരുന്നപ്പോൾ കൂടെ ഉണ്ടായിരുന്നവരെല്ലാം ദൂരെ ആയി. ചിന്തിച്ചില്ലൊരിക്കലും, ഈ ജീവിതത്തിന് ഇങ്ങിനൊരു മറുപുറമുണ്ടാകുമെന്ന്. പകലിന്റെ മറുപുറം രാത്രി എന്നത് ഒട്ടും ചിന്തിക്കാൻ തുനിഞ്ഞില്ല; തിരക്കിനിടയിൽ.

തിരക്കായിരുന്ന ജീവിതത്തിന്റെ ഇന്നയോളം; അല്ല, ഇന്നലെ വെരെ. പ്രഭാതം മുതൽ പ്രദോഷം വെരെ, പ്രദോഷം മുതൽ പ്രഭാതം വെരെ തിരക്കായിരുന്നു. എന്തിന്? ശവക്കുഴി വെരെ ചെല്ലാനോ? എന്റെ കുഴി എനിക്ക് തോണ്ടി വെയ്ക്കാൻ പറ്റില്ലല്ലോ. എനിക്ക് എന്റെ ജഡം താങ്ങി കൊണ്ടു പോകാൻ പറ്റില്ല. എന്റെ ജഡം താങ്ങുന്നവരുടെ ജഡം ഒരിക്കലെങ്കിലും താങ്ങി പ്രത്യുപകാരത്തിനായി കാത്തിരിക്കാനും പറ്റത്തില്ലല്ലോ. പിന്നെന്തു തിരക്കിലായിരുന്ന ഇതുവെരെ?

കിട്ടിയിരുന്നില്ല, ഭക്ഷണം മുൻപിലിരിക്കുന്നത് സ്വാദോടെ സാവകാശമായി ഭുജിക്കാൻ. വിശ്രമിക്കാൻ കിട്ടിയില്ല സമയം പറയാൻ ഇന്ന് ലജ്ജ. പിന്നെന്തിനു വേണ്ടി തിരക്കിലായി. ഉണ്ടാക്കി, വളരെയധികം; എല്ലാം ബാങ്കുകാർ കൊണ്ടു പോയി, ബാങ്കറപ്സി എന്ന ആംഗല ഭാഷയിലെ പാപ്പരത്വത്തിലൂടെ. കൊട്ടാര സമാനമായി ബംഗ്ലാവുകൾ രണ്ടെണ്ണം രാജകീയമായി മോടി പിടിപ്പിച്ചതെല്ലാം ജപ്തിയിലൂടെ ഫോർക്ലോസ് എന്ന പദം ഉപയോഗിച്ച്. ഇത് അമേരിക്കയാണ്.

വിവാഹം കഴിച്ചത് ആർഭാടമായി, മറ്റാരേക്കാളും. ഉണ്ടായിരുന്ന മെത്രാച്ചന്മാർ അഞ്ചുപേർ; അച്ചന്മാർ എണ്ണിയില്ല ഞാൻ ഒരിക്കലും ചിന്തിച്ചതിലും ഉപരിയായി. ഉണ്ടായിരുന്ന ആശീർ വദിക്കാൻ, അനുമോദിക്കാൻ ആയിരത്തിൽ ചില്ല്വാനം. മറ്റാരും ഒരിക്കലും കണ്ടിട്ടില്ലാത്ത വലിയ വിവാഹം. എന്റെ ആഗ്രഹം എന്റെ പിതാവ് നിറവേറ്റി തന്നു.

എന്റെ പിതാവനെ നിങ്ങൾ ഇന്നറിയും; ഓർത്ത്ഡോക്സ് സഭയിലെ ശോഭാപൂർണ്ണമായ മെഴുകുതിരിയാണ് ഇന്നദ്ദേഹം. കേരളത്തിന് വെളിയിൽ, ഇന്ത്യയിൽ സഭയുടെ പിതാ പുത്ര പരിശുദ്ധാത്മാവാം എല്ലാമെല്ലാമായിരുന്നു. അനുസരിച്ചു, മാതാപിതാക്കളെ, താലികെട്ടി അവർ ചൂണ്ടികാട്ടിയവനെ. ഫലം എന്ത്? ശോഭിച്ചു നടക്കുന്ന ഇതൊന്നുമല്ലാതെ ജീവിച്ചവർ ഇന്ന്. എല്ലാം മായ മായ എന്ന് പിന്നിലേക്ക് നോക്കുമ്പോൾ. വൃഥ മാത്രം മുൻപിൽ.

ധാരാളമായി കൊടുത്തിരുന്ന സമ്പത്തു കാലത്ത് ക്രിസ്തുമസ് കരോൾ വീട്ടിൽ വന്നിരുന്നപ്പോൾ; ആയിരങ്ങൾ. മൃഷ്ടാന്ന ഭോജനം നൽകിയിരുന്നവർക്കന്ന്, പിതാവ് പഠിപ്പിച്ചതു പോലെ, കാലമിത്രയും. ഇന്നനുഭവിക്കുന്നത് അതിന്റെ അനുഗ്രഹമാണോ? എല്ലാം വെറും ന്യായീകരണങ്ങൾ മാത്രം. ദോഷമൊന്നും ഇതുവെരെ കണ്ടില്ല, ഇതൊന്നും ചെയ്യാതിരുന്നവർക്ക്. ദേഷ്യപ്പെടുരുതാരുമെന്നോട് ഈ കദന കഥ വിസ്തരിക്കുമ്പോൾ.

ഇല്ല ഇന്ന് എനിക്കൊന്നും, എന്നാകിലും മൃഷ്ടാന്ന ഭോജനത്തിന് ഭോജനശാലയിലേക്ക് വിളിച്ചു പറഞ്ഞു വരുന്നവരെ സൽക്കരിക്കാനായി. ആയിരങ്ങൾ ഇന്ന് എനിക്കില്ലങ്കിലും വിധവയുടെ ചില്ലിക്കാശു പോലെ ഒരു നൂറിന്റെ ഡോളർ ഒന്ന്. അനുഗ്രഹത്തിനല്ലങ്കിലും, അഭിമാനത്തിന്റെ പേരിൽ. വിളിച്ചു പറഞ്ഞു, ഒരല്പം മുമ്പേ, “വരില്ല അവർ, ദീനാമ്മ തനിച്ചല്ലേ. പോകാനുണ്ടവർക്ക് പ്രതാപികളുടെ ഭവനങ്ങളിലേക്ക്, എളിമയിൽ പുൽക്കുടിലിൽ ജനിച്ചവന്റെ ജനനവാർത്തയറിയിക്കാൻ. ചാട്ടവാറിട്ടവനിന്ന് ഇവരെ തല്ലമായിരുന്ന മനസുദ്ധിയില്ലാത്ത ഈ വർഗ്ഗത്തെ. ഇതിനാണോ ക്രിസ്തു ജനിച്ചത്?

കൊണ്ടു വരുന്ന ഭക്ഷണമെന്തു ചെയ്യും? കടം വാങ്ങി കാശില്ലാഞ്ഞിട്ട്, ഇവർക്കു ഭക്ഷണമേകാൻ. ഇതുവെരെ ഇവരുടെ കൂടെ ഈ പള്ളിയിൽ പോയിരുന്ന വിവാഹ ശേഷം, സ്വ മാതാപിതാക്കളെ വേർ പിരിഞ്ഞ ശേഷം.

അവിടെയുമുണ്ട് വേറെയും നാല് പള്ളികൾ, ഓർത്ത്ഡോക്സ്കാർ. എല്ലാം ഒന്നിൽ നിന്ന് പിരിഞ്ഞവർ. അറിയും അവരെല്ലാം, അവർക്കെല്ലാം പ്രിയങ്കരിയായ ദീനാമ്മയെ. പേരുപോലെ അവൾ ദീനങ്ങളുടെ അമ്മയായി. വൈദ്യശാസ്ത്രത്തിലെ പരമാവധി. പിടിച്ചു അവളെ ബലാൽസംഗം പോലെ വലിയ രോഗം മൾട്ടിപ്പിൾ സ്ലേറ്റ്സ്. നശിച്ചു എല്ലാമതിനോടെ.

കൈവിട്ടില്ല ദൈവമവളെ, മറ്റൊരു ഓർത്ത്ഡോക്സ് പള്ളിക്കാർ അവളെ, കരോൾപാടി ചെല്ലുന്നതിനായി വിളിച്ചു. ഉള്ളിൽ തികഞ്ഞ സന്തോഷവും അതുപോലെ വ്യഥയും, പോയിട്ടില്ല ഇതുവെരെ അവരുടെ പള്ളിയിൽ അവരുടെ കൂടെ ആരാധിക്കാൻ.

സന്തോഷമായി, കരോൾ പാടി വന്നവരെല്ലാം, തിന്നു തൃപ്തരായപ്പോൾ. ഇല്ല അവർക്ക് ഭവനങ്ങൾ അധികമെന്ന് ആധി പൂണ്ടപ്പോൾ തോന്നിച്ചത്, ക്രിസ്തു തന്നെ പുൽകൂട്ടിൽ ഭൂജാതനായവൻ.

മിഥ്യയല്ലിതു സത്യമാണ്, നഖശിഖാന്തം. കല്ലെറിയരുതെന്നെ ആരും, വായിച്ചിട്ട് ഈ സത്യത്തിൻ സത്യങ്ങൾ. ഉള്ളിൽ തട്ടിയത്, എഴുതിപോയി വികാരക്ഷോഭത്താൽ. ആമ്മീൻ